ഉയിർപ്പുകാലം
മൂന്നാം ഞായർ



എമ്മാവൂസ്
# വചനദൂത്

# പിതൃ – പുത്രബന്ധം

ബ്ര. ജോസഫ് കൊല്ലംപറമ്പിൽ, MCBS

യോഹ. 14:7-14 (Vol. 9, Issue 57)

മകനുവേണ്ടി ഏറെയൊന്നും സമ്പാദിച്ചുവയ്ക്കാൻ കഴിയാതിരുന്ന ഒരു പിതാവ്, തന്റെ മരണസമയത്ത് മകന്റെ മടിയിൽ തല വച്ച് പറഞ്ഞു: ''മോനേ, നിനക്കുവേണ്ടി ഈ അപ്പൻ ഒന്നും സമ്പാദിച്ചില്ലല്ലോ!'' മകന്റെ മറുപടി അപ്പന്റെ ഹൃദയത്തിന് ആശ്വാസം പകരുന്നതായിരുന്നു. ''ഒന്നും തന്നില്ലെന്നോ! എന്റെ അച്ഛനായി എന്നെ നെഞ്ചോട് ചേർത്തുപിടിച്ച് ഇത്രകാലവും നടന്നില്ലേ... അതിനപ്പുറം എനിക്ക് യാതൊന്നും ലഭിക്കാനില്ല.''

ജോർദ്ദാനിലെ മാമ്മോദീസാ വേളയിലും താബോറിലെ മഹത്വീകരണത്തിലും പിതൃത്വം ഏറ്റുപറഞ്ഞ് തന്നെ നെഞ്ചോട് ചേർത്തുപിടിച്ച പിതാവിനോടുള്ള പുത്രന്റെ ആത്മാർത്ഥത നിറഞ്ഞ സ്നേഹത്തിന്റെ വാക്കുകളിലൂടെയുള്ള പ്രകടനമാണ് ഇന്നത്തെ സുവിശേഷവായനയിലൂടെ നാം കാണുന്നത്.

പിതൃ-പുത്രബന്ധം ദൈവശാസ്ത്രപരമായി ശാരീരിക പാരമ്പര്യത്തിലധിഷ്ഠിതമാണ്. മക്കളോ അപ്പനോ ആര് നിഷേധിച്ചു പറഞ്ഞാലും ഈ പിതൃ-പുത്രബന്ധം മായാതെ നിൽക്കപ്പെടും. ഈ ശാരീരിക പാരമ്പര്യബന്ധത്തിന്റെ അളവ് വളർന്ന് ആത്മീയതയുടെ ദൈവികഭാവത്തിലെത്തണം. ഇങ്ങനെ അത് ദൈവികബന്ധത്തിലെത്തിക്കഴിയുമ്പോൾ അപ്പനിൽ നിന്നും ലഭിക്കുന്ന ആനുകൂല്യങ്ങളെക്കാളും പിതൃസ്വത്തവകാശങ്ങളെക്കാളുമുപരിയായി ''അപ്പൻ'' തന്നെ പ്രധാനപ്പെട്ടതായി തീരും.

ഈശോ, തന്റെ ജനനം മുതൽ നമുക്ക് മാതൃകയാവുന്നു. ലൂക്കാ 2:49-ൽ കാണുന്നില്ലേ, ബാലനായ യേശു, പിതാവിന്റെ കാര്യത്തിൽ വ്യാപൃതനായിരിക്കുന്നത്. യോഹന്നാന്റെ സുവിശേഷം ഇതിന് വിശദീകരണം നൽകുന്നു. ''അവിടുന്ന് പിതാവിന്റെ മടിയിൽ മറഞ്ഞിരിക്കുന്ന ഏകജാതനാണ്'' (യോഹ. 1:18). അങ്ങനെയെങ്കിൽ ഈശോയും പിതാവുമായുള്ള ബന്ധം തികച്ചും സമ്പൂർണ്ണ സ്നേഹത്തിന്റെയും സമ്പൂർണ്ണ സമർപ്പണത്തിന്റെയും ഉദാത്തമാതൃകയായി നമുക്ക് കാണുവാൻ സാധിക്കും. അതുകൊണ്ടാണ് ഈശോ ഇന്നത്തെ തിരുവചനത്തിലൂടെ ന

മ്മോട് പറഞ്ഞുതരുന്നത്, "എന്നെ കാണുന്നവൻ എന്റെ പിതാവിനെയും കാണുന്നു" (14:9). "ഞാൻ പിതാവിലും പിതാവ് എന്നിലുമാണെന്ന് ഞാൻ പറയുന്നത് വിശ്വസിക്കുവിൻ. അല്ലെങ്കിൽ പ്രവർത്തികൾ മൂലം വിശ്വസിക്കുവിൻ" (14:11).

വളരെ കാര്യങ്ങൾ പറഞ്ഞും പഠിപ്പിച്ചും കാട്ടിക്കൊടുത്തും കടന്നുപോയ യേശു, തന്റെ ഈ ലോകജീവിതത്തിന്റെ അവസാനം ഇനിയും ശിഷ്യർക്കായി പകർന്നുനൽകാനുള്ള കാര്യങ്ങളെ വ്യക്തമായി പഠിപ്പിക്കുന്ന പശ്ചാത്തലത്തിലാണ് തോമസിന്റെ ചോദ്യം ഇന്നത്തെ വചനഭാഗത്തിന് പശ്ചാത്തലമാകുന്നത്. ഗുരു പറയുന്നു: "പിതാവിനെക്കുറിച്ച് എന്നാൽ, ഗുരുവിന്റെ പിതാവ് ആരെന്നോ എവിടെയെന്നോ അറിയില്ല. യേശു പോകുന്നത് എങ്ങോട്ടെന്നും അറിയില്ല." ശരിക്കും ഇരുട്ടിൽ തപ്പുന്ന ശിഷ്യഗണത്തോട് ഈശോ തന്നെത്തന്നെ കാണിച്ചുകൊടുത്തു കൊണ്ട് തന്റെ പിതാവിനെ വെളിപ്പെടുത്തുകയാണ്.

സ്നേഹമുള്ളവരെ, ഇന്നത്തെ സുവിശേഷം ഈശോ പിതാവിനെ കാണാൻ തന്നിലേയ്ക്ക് നോക്കാൻ പറഞ്ഞുവയ്ക്കുന്നതിലൂടെ നമ്മുടെ ജീവിതത്തിലേയ്ക്കും പ്രാവർത്തികമാക്കേണ്ട ഒരു നല്ല സുവിശേഷത്തിന്റെ ചൂണ്ടുപലകയായിട്ട് തരുന്നുണ്ട്. കാരണം, ഈ കാലഘട്ടത്തിലെ മാതൃ-പിതൃ-പുത്രബന്ധങ്ങളെല്ലാം ജന്മസിദ്ധിയുടെ ശാരീരികതലത്തിൽ മാത്രം ഒതുങ്ങിനിൽക്കുകയും പ്രായമാകുമ്പോൾ മാതാപിതാക്കൾ മക്കൾക്ക് വിലയില്ലാത്തവരാവുകയും കഴിവില്ലാത്ത മക്കൾ മാതാപിതാക്കൾക്ക് ഭാരമാവുകയും ചെയ്യുമ്പോൾ സ്നേഹമുള്ളവരെ, യേശുവിലേയ്ക്ക് നമുക്ക് ദൃഷ്ടികളുയർത്താം. "എന്നെ കാണുന്നവൻ പിതാവിനെ കാണുന്നു" എന്നുപറഞ്ഞ ഈശോ തന്നെയാണ് പിതാവായ ദൈവത്തിന്റെ കരുണ നിറഞ്ഞ സ്നേഹം ഈ ലോകത്തിന്-നമുക്ക് വെളിപ്പെടുത്തിത്തരുന്നത്.

"രക്തത്തിന് വെള്ളത്തെക്കാൾ കട്ടിയുണ്ട്" (Blood is thicker than Water) എന്ന ഇംഗ്ലീഷ് പഴമൊഴി ഇന്ന് നമ്മുടെ നാട്ടിലും അർത്ഥപൂർണ്ണമാകുന്നു. വെള്ളത്തെക്കാളും നിസ്സാരമായി ചോരയൊഴുക്കാൻ കഴിവുള്ളവർ വളർന്നുതുടങ്ങി. പിതൃസ്വത്ത് ഭാഗം വയ്ക്കുന്നതുമായി ബന്ധപ്പെട്ട് നാട്ടിൽ നടക്കുന്ന കൊലപാതകങ്ങളും, സ്വന്തം അമ്മമാർക്കു പോലും വേണ്ടാതാവുന്ന കുഞ്ഞുങ്ങളുടെയും, സ്വത്ത് തർക്കത്തിലൂടെയും അല്ലാതെയും പരസ്പരം തമ്മിൽത്തല്ലുകയും പിണങ്ങിക്കഴിയുകയും ചെയ്യുന്ന സഹോദരങ്ങളുടെയും കഥകൾ ഇന്ന് നമ്മുടെ ചുറ്റുമുള്ള സമൂഹത്തിന് മുഖ്യ ചർച്ചാ വിഷയമാകുമ്പോൾ, ലോകത്തിന് പ്രകാശമായി മണ്ണിലിറങ്ങിയ യേശുനാഥൻ വചനത്തിലൂടെയും സ്വജീവിതത്തിലൂടെയും യഥാർത്ഥ പിതൃ-പുത്രബന്ധത്തിന്റെ ജീവിതശൈലി കാട്ടി തരുന്നു.

പിതാവ് ചെയ്ത അതേ പ്രവൃത്തികൾ പുത്രനും ചെയ്യുന്നുവെന്ന് പറഞ്ഞുകൊണ്ട് തന്റെ വാക്കുകളും പ്രവൃത്തികളും തന്റെ ജീവിതത്തിന്റെ ലക്ഷ്യവും എല്ലാം തന്റെ പിതാവിനോടും അവിടുത്തെ ഇഷ്ടങ്ങളോടും ബന്ധപ്പെടുത്തുന്ന ഈശോ നമുക്ക് പറഞ്ഞതരുന്ന പാഠവും ഇതുതന്നെ.

ഇന്ന് നമ്മുടെ കുടുംബ ബന്ധങ്ങളിൽ സ്നേഹവും ഐക്യവും കുറഞ്ഞുപോകുന്നുണ്ടെങ്കിൽ, അവിടെ ഭിന്നതയും തർക്കങ്ങളും ഉടലെടുക്കുന്നുണ്ടെങ്കിൽ നമ്മൾ മനസ്സിലാക്കണം. ഈശോയുടെയും പിതാവായ ദൈവത്തിന്റെയും ദൈവികസ്നേഹത്തിലേയ്ക്ക് നാം വളരേണ്ടിയിരിക്കുന്നു.

പരസ്പരം ക്ഷമിക്കാനും അംഗീകരിക്കാനും മനസ്സിലാക്കാനും ഒരാൾ മറ്റേയാളുടെ താൽപര്യത്തിന് അനുസരിച്ച് സ്വന്തം ആഗ്രഹങ്ങളെ ബലി ചെയ്യാനും തയ്യാറാകുമ്പോൾ അവിടെ ത്രിത്വൈകദൈവത്തിന്റെ സ്നേഹം നിറയും. അതിനായി നമുക്ക് പ്രാർത്ഥിക്കാം. ദൈവം നമ്മെ അനുഗ്രഹിക്കട്ടെ.